**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2331** **30-09-2025 - ൽ മറുപടിയ്ക്ക്**

**എ.എ.വൈ. കാർഡുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിന് കേന്ദ്രം അനുവദിച്ച എ.എ.വൈ. കാർഡുകളുടെ ആകെ എണ്ണം എത്രയാണ്; നിലവിലെ സർക്കാർ അധികാരത്തിൽ വരുമ്പോൾ കേരളത്തിൽ ആകെയുള്ള എ.എ.വൈ. കാർഡുകളുടെ എണ്ണം എത്രയായിരുന്നു; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 മെയ് 31 വരെ എത്ര എ.എ.വൈ. കാർഡുകൾ അനുവദിച്ചു; വിശദമാക്കാമോ ; | (എ) | 2013 - ലെ NFSA പ്രകാരം കേരളത്തിന് കേന്ദ്രം അനുവദിച്ച എ.എ.വൈ. കാർഡുകളുടെ ആകെ എണ്ണം 5,95,800 ആണ്. ആയതിന് ശേഷം എ.എ.വൈ. കാർഡുകളുടെ എണ്ണം കേന്ദ്രസർക്കാർ പരിഷ്കരിച്ച് നൽകിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 മെയ് 31 വരെ അനർഹരായ എ.എ.വൈ. കാർഡ് ഉടമകളെ കണ്ടെത്തി തരം മാറ്റിയതു വഴിയും, സ്വമേധയാ കാർഡുകൾ തിരിച്ച നൽകിയ വകയിലും, 'ഓപ്പറേഷൻയെല്ലോ' യിലൂടെ കണ്ടെത്തിയിട്ടുള്ളതുമായ ഒഴിവിലേയ്ക്ക് 42817 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയിട്ടുണ്ട്. |
| (ബി) | സമയ ബന്ധിതമായി എ.എ.വൈ. കാർഡുകൾ അനുവദിക്കാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 മെയ് 31 വരെയായി എത്ര ടൺ അരി നഷ്ടമായി; ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണെന്നും കേന്ദ്ര അരി വിഹിതം ലാപ്സാക്കിയ ഉദ്യോഗസ്ഥനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജില്ലകൾക്ക് അനുവദിച്ചിട്ടുള്ള ഭക്ഷ്യധാന്യങ്ങൾ പൂർണ്ണമായും വിട്ടെടുത്തിട്ടുണ്ട്. AAY വിഭാഗത്തിന് കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അരി ലാപ്സ് ആയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ 58,329 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയിട്ടുണ്ട്. |
| (സി) | 2024 ജനവരി 31 വരെ അനുവദിച്ച എ.എ.വൈ. കാർഡുകളുടെ എണ്ണം എത്രയാണ്; ഈ കാലയളവിൽ മാനദണ്ഡങ്ങൾ പ്രകാരം എത്ര കാർഡുകൾ കൂടി അനുവദിക്കാമായിരുന്നു; ഇതുപ്രകാരം 2024 മെയ് 31 നുള്ളിൽ എത്ര എ.എ.വൈ. കാർഡുകൾ അനുവദിച്ചു; വിശദമാക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2024 ജനുവരി 31 വരെ 39594 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേക്ക് തരം മാറ്റി നൽകിയിട്ടുണ്ട്. 2024 ജനുവരിയിൽ കേരളത്തിൽ ആകെയുള്ള എ.എ.വൈ. കാർഡുകളുടെ എണ്ണം 5,89,367 ആയിരുന്നു. ഉണ്ടായിരുന്ന 6433 ഒഴിവുകളിൽ അർഹരായ 3223 കുടുംബങ്ങൾക്ക് 2024 മെയ് 31 വരെ തരം മാറ്റി കാർഡ് നൽകിയിട്ടുണ്ട്. |
| (ഡി) | എ.എ.വൈ. കാർഡുകൾ അനുവദിക്കുന്നതിനുള്ള യോഗ്യതകൾ എന്തെല്ലാമാണ് ; പി. എച്ച്. എച്ച്. കാർഡുകളെപ്പോലെ എന്തുകൊണ്ടാണ് എ.എ.വൈ. | (ഡി) | കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് സംസ്ഥാനത്ത് AAY വിഭാഗത്തിലേയ്ക്ക് കുടുംബങ്ങളെ |

| | | | |
|---|---|---|---|
| | കാർഡുകളുടെ അപേക്ഷകളും ഓൺലൈനായി സ്വീകരിക്കാത്തത്; വിശദമാക്കാമോ; | | ഉൾപ്പെടുത്തുന്നത്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള AAY മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br><br>വിധവകൾ, ഭിന്നശേഷിയുള്ള വ്യക്തികൾ/സ്ഥിര വരുമാനമില്ലാത്തവരും സാമൂഹിക പിന്തുണയില്ലാത്തതുമായ 60 വയസ്സിന് മേൽ പ്രായമുള്ളവർ/മാരക രോഗങ്ങൾ ബാധിച്ചവർ,വനിതകൾ കുടുംബനാഥരായി വരുന്ന കുടുംബങ്ങൾ, ഒറ്റയ്ക്ക് താമസിക്കുന്ന വിധവകൾ, ഭിന്നശേഷിക്കാർ/സാമൂഹികമായും സാമ്പത്തികമായും നിലനിൽപ്പിനായ് സ്ഥിരവരുമാനമില്ലാത്ത കുടുംബമില്ലാത്ത 60 വയസ്സ് കഴിഞ്ഞവർ തുടങ്ങിയ വ്യക്തികൾ.അർഹരായ എല്ലാ പ്രാക്തനാ ഗോത്രവർഗ്ഗ വിഭാഗങ്ങൾക്കും.HIV ബാധിതർ അംഗങ്ങളായുള്ള PHH കുടുംബങ്ങൾ.<br><br>PHH വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അത്രയും എണ്ണം ഒഴിവുകൾ AAY വിഭാഗത്തിൽ നിലവിൽ ഉണ്ടാകാറില്ല. PHH വിഭാഗത്തിലേക്കുള്ള അപേക്ഷകളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറച്ച് അപേക്ഷകൾ മാത്രമെ AAY കാർഡിന് വേണ്ടി ലഭിക്കുന്നുള്ളൂ. ആയതിനാലാണ് AAY കാർഡിനായി ഓൺലൈൻ മുഖേന അപേക്ഷ സ്വീകരിക്കാത്തത്. |
| (ഇ) | എ. എ. വൈ. കാർഡുകളുടെ അപേക്ഷ എന്നു മുതലാണ് ഓൺലൈനായി സ്വീകരിച്ച് തുടങ്ങുന്നത്; എ. എ. വൈ. മാനദണ്ഡങ്ങൾ പ്രകാരം ഉണ്ടാവുന്ന ഒഴിവുകൾ തൊട്ടടുത്ത മാസം തന്നെ നികത്തുന്നതിനായി ഓൺലൈനായി അപേക്ഷ സ്വീകരിച്ച് പട്ടിക തയ്യാറാക്കുന്ന നടപടി എന്നു മുതലാണ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | എ.എ.വൈ കാർഡുകളുടെ അപേക്ഷ ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള തീരുമാനം നിലവിൽ കൈക്കൊണ്ടിട്ടില്ല. PHH വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകളുടെ അത്ര ഒഴിവുകൾ AAY വിഭാഗത്തിൽ ഉണ്ടാകാറില്ല. AAY വിഭാഗത്തിൽ ഉണ്ടാകുന്ന ഒഴിവുകൾ സീനിയോരിറ്റിയുടെ അടിസ്ഥാനത്തിൽ സമയബന്ധിതമായി നികത്തി വരുന്നു. |

സെക്ഷൻ ഓഫീസർ